**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3804** **03-03-2023 - ൽ മറുപടിയ്ക്ക്**

**കെ-സ്പേസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബഹിരാകാശ സാങ്കേതികവിദ്യയിൽ പഠന-ഗവേഷണ വ്യവസായ സൗകര്യങ്ങൾ പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കെ-സ്പേസ് പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | ഏറ്റവും തന്ത്രപരവും പ്രതിഫലദായകവുമായ ബഹിരാകാശ സാങ്കേതികവിദ്യാ മേഖലയിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ സംരംഭമാണ് കെസ്പേസ് പദ്ധതി. കെസ്പേസിനെ ഒരു സ്വതന്ത്ര സൊസൈറ്റിയായി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൊസൈറ്റിയുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. ടെക്നോപാർക്കിന്റെ കൈവശമുള്ള ടെക്നോസിറ്റിയിലെ 18.5 ഏക്കർ ഭൂമി സൗജന്യമായി കെസ്പേസിന് കൈമാറാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>പ്രധാനമായും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിലാണ് അനേകം വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ സ്ഥാപിക്കുവാൻ കെസ്പേസ് ഉദ്ദേശിക്കുന്നത്. ഏകദേശം 10,000 കോടിയുടെ നേരിട്ടുള്ള നിക്ഷേപം ആകർഷിക്കുകയും സംസ്ഥാനത്തെ ഉയർന്ന വൈദഗ്ധ്യമുള്ള 1,50,000 യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കെസ്പേസിന്റെ ദൗത്യം. 2040-ഓടെ ബഹിരാകാശ മേഖലയിൽ 80,000 കോടിയുടെ വിറ്റുവരവ് കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | രാജ്യത്താദ്യമായി രൂപീകരിച്ചിട്ടുള്ള ഈ ഉദ്യമത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പ്രയോജനകരമാകുന്ന വിധം പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കെസ്പേസ് ആസൂത്രണം ചെയ്യുന്ന ബിസിനസ്സ് മോഡലുകൾ<br><br>1. വാടക/ പാട്ടത്തിന് ബിൽറ്റ് അപ് സ്ഥലം നൽകുക<br><br>2. വ്യവസായങ്ങൾക്ക് ഇളവ് നിരക്കിൽ ഭൂമി നൽകുക |

| | | | |
|---|---|---|---|
| | | | 3. സ്വകാര്യ സംരംഭങ്ങളുമായുള്ള സംയുക്ത സംരംഭങ്ങൾ<br><br>4. സംരംഭകർക്ക് അവരുടെ സ്വന്തം സ്ഥലത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിന് സാങ്കേതിക പിന്തുണ നൽകുക.<br><br>5. കേരളത്തിനകത്ത് പ്രവർത്തിക്കുന്ന എല്ലാ എയ്റോസ്പേസ് യൂണിറ്റുകളുടെയും നെറ്റ്വർക്കിംഗ്, അവരുടെ സംയുക്ത സമന്വയം പ്രയോജനപ്പെടുത്തുന്നതിന് സ്റ്റാർട്ടപ്പ്, മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകുക എന്നതാണ് മേൽപ്പറഞ്ഞ ബിസിനസ്സ് മോഡലിന്റെ പ്രാഥമിക ലക്ഷ്യം. |
| (സി) | സ്പേസ് മേഖലയിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന രാജ്യത്തിനകത്തെയും പുറത്തെയും സ്ഥാപനങ്ങളുമായി സഹകരണത്തിന് ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ഇതുവരെയും ധാരണാപത്രം (MOU) ഒപ്പുവെച്ചിട്ടില്ല. എന്നിരുന്നാലും, സൊസൈറ്റിയുടെ രജിസ്ട്രേഷൻ പൂർത്തിയായാലുടൻ പ്രധാന ദേശീയ അന്തർദേശീയ ബഹിരാകാശ ഏജൻസികളുമായും സംരംഭങ്ങളുമായും ധാരണാപത്രങ്ങൾ നടപ്പിലാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ